ഗുരുമാർഗം

ഒരിക്കൽ കാർവർണനായ വിഷ്ണുഭഗവനും കണ്ണുചൂഴ്ന്നെടുത്ത് അങ്ങയുടെ പാദങ്ങളിൽ അർച്ചന നടത്തിയതായി കേട്ടിട്ടുണ്ട്. ദേഹബന്ധത്തിൽപെട്ടഴലുന്ന ഈ ഭക്തന് അത് സാധിക്കുമോ.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

പൂരാടം 36 - 01
ഷഷ്ഠി 16 - 26
1941 വൈശാഖം 05
1440 ഷഹബാൻ 20
1194 മേടം 11

പോളിംഗിലെ കുതിപ്പ് തരംഗമാവുമോ?

കെ. പ്രസന്നകുമാർ

നഗര - ഗ്രാമ ഭേദമെന്യേ സംസ്ഥാനത്താകെ ബൂത്തുകൾക്ക് മുമ്പിൽ അലയടിച്ച് ആവേശം. ബൂത്തുകൾക്ക് മുമ്പിൽ രാത്രി വൈകും വരെ സ്ത്രീകളും യുവജനങ്ങളുമുൾപ്പെടെയുള്ള വോട്ടർമാരുടെ നീണ്ടനിരകൾ. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിന് ശേഷം സംസ്ഥാനത്ത് പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇത്തവണ ദൃശ്യമായ ഉയർന്ന പോളിംഗ് ശതമാനം യു.ഡി.എഫ്, എൽ.ഡി.എഫ്. എൻ.ഡി.എ മുന്നണികൾക്ക് ഒരുപോലെ പ്രതീക്ഷയും ഉൾക്കിടിലവും പകരുന്നതാണ്.

രാഹുൽ ഗാന്ധിയുടെ വയനാട്ടിലെ സ്ഥാനാർത്ഥിത്വവും ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിലെ മോദിവിരുദ്ധ വികാരവും യു.ഡി.എഫ് അനുകൂല തരംഗത്തിന്റെ സൂചനയാണ്. പിണറായി സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ വികസന ക്ഷേമപ്രവർത്തനങ്ങളും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള വനിതാ മതിൽ - നവോത്ഥാന മൂന്നേറ്റങ്ങളും എൽ.ഡി.എഫിന് കുതിപ്പേകുമോ? പ്രധാനമന്ത്രി മോദിയും ബി.ജെ.പി ദേശീയ പ്രസിഡന്റ് അമിത് ഷായും ഉൾപ്പെടെ ആളിക്കത്തിക്കാൻ ശ്രമിച്ച ശബരിമല വികാരം മഹാപ്രവാഹമായി എതിർമുന്നണികളുടെ കോട്ടകൊത്തളങ്ങൾ നിലംപരിശാക്കി താമരകൾ വിരിയിക്കുമോ? 78 ശതമാനം വരെ ഉയർന്ന സംസ്ഥാനത്തെ പോളിംഗ് ഉയർത്തുന്ന ചോദ്യങ്ങൾ ഇതാണ്.

പത്ത് ലക്ഷവും കടന്ന് 13 മണ്ഡലങ്ങൾ

സംസ്ഥാനത്തെ 20 ലോക്സഭാ സീറ്റുകളിൽ 13 എണ്ണത്തിലും ഇത്തവണ പോളിംഗ് 10 ലക്ഷം കടന്നത് വിധിയെഴുത്തിൽ നിർണായകമാണ്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, ആലത്തൂർ, പാലക്കാട്, പൊന്നാനി, മലപ്പുറം, കോഴിക്കോട്, വയനാട്, വടകര, കണ്ണൂർ, കാസർകോട് എന്നിവയാണ് ഈ സീറ്റുകൾ. 80 ശതമാനത്തിലേറെ വോട്ട് 13 സീറ്റുകളിലും പോൾ ചെയ്തു. ഇതിൽ സിറ്റിംഗ് എം.പി ശശിതരൂരും സി.ദിവാകരൻ എം.എൽ.എയും മുൻ ഗവർണർ കുമ്മനം രാജശേഖരനും മാറ്റുരച്ച തിരുവനന്തപുരം, സിറ്റിംഗ് എം.പി ആന്റോ ആന്റണിയും വീണാജോർജ് എം.എൽ.എയും കെ.സുരേന്ദ്രനും കൊമ്പുകോർത്ത പത്തനംതിട്ട, ടി.എൻ.പ്രതാപനും സുരേഷ് ഗോപിയും രാജാജി മാത്യുതോമസും ഏറ്റുമുട്ടിയ തൃശ്ശൂർ എന്നിവിടങ്ങളിലെ തീപാറിയ പോരാട്ടം ഉയർന്ന പോളിംഗിനുള്ള സാദ്ധ്യത വർദ്ധിപ്പിച്ചിരുന്നു. എങ്കിലും ന്യൂനപക്ഷ മേഖലകളിൽ ഉൾപ്പെടെ ഈ മണ്ഡലങ്ങളിൽ 2014ലെ അപേക്ഷിച്ച് കുതിച്ചുയർന്ന പോളിംഗ് ശതമാനം ഫലം പ്രവചനാതീതമാക്കുന്നു.

ശബരിമല ഫാക്ടർ ആരെ തുണയ്ക്കും

തെക്കൻ കേരളത്തിലെയും മദ്ധ്യ കേരളത്തിലെയും മണ്ഡലങ്ങളിൽ അവസാന ഘട്ടം പ്രചാരണത്തെയും വിധിയെഴുതുതിനെയും നിർണായകമായി സ്വാധീനിച്ച വിഷയങ്ങളിലൊന്ന് ശബരിമലയാണ്. വിശേഷിച്ച് ശബരിമലയുമായി കൂടുതൽ സാമീപ്യവും വൈകാരിക ബന്ധവുമുള്ള തെക്കൻ കേരളത്തിലെ തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, പത്തനംതിട്ട, മണ്ഡലങ്ങളിലും ഇതിന് പുറമേ തൃശ്ശൂരിലും ദൃശ്യമായ സ്ത്രീ വോട്ടർമാരുടെ തള്ളിക്കയറ്റവും മൂന്ന് മുന്നണികളുടെയും കണക്കുകൂട്ടലുകൾ തെറ്റിക്കാൻ പോന്നതാണ്. മുന്നണികളുടെയും സ്ഥാനാർത്ഥികളുടെയും വിജയ പ്രതീക്ഷകളിൽ ആശങ്കയുടെ നിഴൽ പരത്തുന്നതുമാണ് ശബരിമല വിഷയം സൃഷ്ടിച്ച പ്രതിഫലനം. 2014ലെ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് തിരുവനന്തപുരത്തും തൃശ്ശൂരിലും അഞ്ച് ശതമാനം വീതവും ആറ്റിങ്ങലിൽ ആറ് ശതമാനവും പത്തനംതിട്ടയിൽ ഒൻപത് ശതമാനവുമാണ് ഇത്തവണ പോളിംഗിലുണ്ടായ വർദ്ധന. സംസ്ഥാനത്താകെ പോളിംഗ് ബൂത്തുകളിൽ സ്ത്രീ വോട്ടർമാരുടെ എണ്ണത്തിലുണ്ടായ കുതിച്ചുചാട്ടം ശബരിമല വിഷയത്തിൽ സർക്കാരിനെതിരായ വിധിയെഴുത്താകുമെന്ന് പറയുന്ന ബി.ജെ.പി നേതൃത്വവും നാല് മുതൽ ആറ് സീറ്റ് വരെ ലഭിക്കുമെന്ന് അവകാശപ്പെടുന്നുണ്ട്.

ന്യൂനപക്ഷ പിന്തുണ ആർക്ക്?

ന്യൂനപക്ഷ മുസ്ലിം -ക്രിസ്ത്യൻ വിഭാഗങ്ങളുടെ പിന്തുണ കൂടുതൽ ലഭിക്കുക യു.ഡി.എഫിനാണോ എൽ.ഡി.എഫിനാണോ എന്നതാണ് വിധി നിർണയിക്കുന്ന മറ്റൊരു ചോദ്യം. 2016ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വിഭാഗങ്ങൾ തുണച്ചത് എൽ.ഡി.എഫിനെയാണ്. 140 സീറ്റിൽ 91 ഉം നേടി എൽ.ഡി.എഫ് അധികാരത്തിലേറി. യു.ഡി.എഫിന് കിട്ടിയത് 48 സീറ്റ്. ബി.ജെ.പിക്ക് ഒരു സീറ്റും. കേന്ദ്രത്തിൽ മോദി ഭരണം തുടരണോയെന്ന് നിശ്ചയിക്കുന്ന ഈ നിർണായക തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷങ്ങൾ തങ്ങൾക്ക് ഒപ്പമാകുമെന്ന് പ്രതീക്ഷിക്കുന്ന യു.ഡി.എഫിന്റെ അവകാശവാദം 14 മുതൽ 16 വരെ സീറ്റാണ്. അതേസമയം, കേരളത്തിൽ ബി.ജെ.പിയെ ഫലപ്രദമായി നേരിടാൻ കഴിയുന്നത് എൽ.ഡി.എഫിനാണെന്ന തിരിച്ചറിവിൽ ന്യൂനപക്ഷ സമുദായങ്ങൾ 2016ലെ പോലെ ഇത്തവണയും തുണയ്ക്കുക തങ്ങളെയാകുമെന്നും പറയുന്ന എൽ.ഡി.എഫ് കേന്ദ്രങ്ങൾ ഉറപ്പിക്കുന്നതാകട്ടെ 12 മുതൽ 14 വരെ സീറ്റ്.

ഉയർന്ന പോളിംഗ് ശതമാനം ഫലസൂചനയാകുമോ?

പാർലമെന്റ് തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഇതിന് മുമ്പ് ഏറ്റവും ഉയർന്ന പോളിംഗ് നടന്ന 1989ൽ ഇരുപതിൽ 17 സീറ്റും കിട്ടിയത് യു.ഡി.എഫിനാണ്. 14 സീറ്റ് കോൺഗ്രസിനും 2 സീറ്റ് ലീഗിനും ഒരു സീറ്റ് കേരളാ കോൺഗ്രസിനും. എൽ.ഡി.എഫ് മൂന്ന് സീറ്റിലൊതുങ്ങി. 79.3 ശതമാനമായിരുന്നു പോളിംഗ്. അതേസമയം, ഉയർന്ന പോളിംഗ് രേഖപ്പെടുത്തിയ 2016ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ (77.35ശതമാനം) നേട്ടം കൊയ്തത് എൽ.ഡി.എഫാണ് (91 സീറ്റ്). 2004ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ 20ൽ 18 സീറ്റോടെ എൽ.ഡി.എഫ് അട്ടിമറി വിജയം നേടി (പോളിംഗ് 71.45ശതമാനം). 71.37ശതമാനം പോളിംഗ് നടന്ന 2009ൽ 16 സീറ്റും കൈക്കലാക്കിയത് യു.ഡി.എഫാണ്. എൽ.ഡി.എഫ് നാല് സീറ്റിലൊതുങ്ങി. എന്നാൽ 2014ൽ പോളിംഗ് 74.02 ശതമാനമായി ഉയർന്നിട്ടും യു.ഡി.എഫ് വിജയം 12 സീറ്റിലൊതുങ്ങി. 8 സീറ്റ് നേടിയത് എൽ.ഡി.എഫാണ്.

ഉപതിരഞ്ഞെടുപ്പ് ആറ് അസംബ്ലി സീറ്റിലെങ്കിലും?

സംസ്ഥാന നിയമസഭയിലെ ഒൻപത് അംഗങ്ങളാണ് ഇത്തവണ പാർലമെന്റിലേക്ക് അങ്കം കുറിച്ചത്. എൽ.ഡി.എഫിലെ സി.ദിവാകരൻ (തിരുവനന്തപുരം), വീണാ ജോർജ് (പത്തനംതിട്ട), എ.എം.ആരിഫ് (ആലപ്പുഴ), ചിറ്റയം ഗോപകുമാർ (മാവേലിക്കര), പി.വി.അൻവർ (പൊന്നാനി), എ.പ്രദീപ് കുമാർ (കോഴിക്കോട്) എന്നിവരും യു.ഡി.എഫിലെ അടൂർ പ്രകാശ് (ആറ്റിങ്ങൽ), ഹൈബി ഈഡൻ (എറണാകുളം), കെ.മുരളീധരൻ (വടകര) എന്നിവരും. കടുത്ത മത്സരം നടന്ന ഈ മണ്ഡലങ്ങളിൽ നിന്ന് കുറഞ്ഞത് നാല് എം.എൽ.എമാരെങ്കിലും പാർലമെന്റിലെത്തുമെന്നാണ് പോളിംഗിന് ശേഷമുള്ള രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ. പി.ബി.അബ്ദുൾ റസാഖിന്റെ നിര്യാണത്തെ തുടർന്ന് മഞ്ചേശ്വരം സീറ്റും കെ.എം.മാണിയുടെ നിര്യാണത്തെ തുടർന്ന് പാലാ സീറ്റും ഒഴിഞ്ഞു കിടപ്പാണ്. അങ്ങനെ വന്നാൽ ആറ് മാസത്തിനകം സംസ്ഥാനത്തെ ആറ് നിയമസഭാ സീറ്റിലെങ്കിലും ഉപതിരഞ്ഞെടുപ്പ് ഉറപ്പ്.

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള അടുത്ത തിരഞ്ഞെടുപ്പിന് ഇനി കഷ്ടിച്ച് ഒന്നര വർഷം. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിന് രണ്ട് വർഷവും. ഈ തിരഞ്ഞെടുപ്പ് ഫലം അതിന്റെ ചൂണ്ടുപലക കൂടിയാണ്. അതിനാൽതന്നെ മുന്ന് മുന്നണികളെ സംബന്ധിച്ചും ഇത് നിലനിൽപ്പിനുള്ള ജീവന്മരണ പോരാട്ടവുമാണ്.

നീതിപീഠത്തിന്റെ വിശ്വാസ്യത സംരക്ഷിക്കപ്പെടണം

സുപ്രീംകോടതി ചീഫ്ജസ്റ്റിസ് രഞ്ജൻ ഗോഗോയ്ക്കെതിരെ മുൻ ജൂനിയർ കോർട്ട് അസിസ്റ്റന്റായ യുവതി ഉന്നയിച്ച പരാതിയെക്കുറിച്ച് അന്വേഷിക്കാൻ മുതിർന്ന ജഡ്ജിമാരടങ്ങുന്ന മുന്നംഗ സമിതിയെ ചുമതലപ്പെടുത്തിയ തീരുമാനം സ്വാഗതാർഹമാണ്.

ജസ്റ്റിസ് ഗോഗോയ് കഴിഞ്ഞാൽ സുപ്രീംകോടതിയിൽ ഏറ്റവും സീനിയറായ ജഡ്ജി ജസ്റ്റിസ് എസ്.എ.ബോബ്ഡെ അദ്ധ്യക്ഷനായ സമിതിയിൽ എൻ.വി.രമണ,ഇന്ദിരാബാനർജി എന്നീ ജഡ്ജിമാരും അംഗങ്ങളാണ്. നീതിയുക്തമായ അന്വേഷണം നടത്തി നിജസ്ഥിതി വെളിപ്പെടുത്തുക എന്ന കർത്തവ്യമാണ് ആഭ്യന്തര അന്വേഷണ സമിതിക്കു മുന്നിലുള്ളത്. നീതിക്കായുള്ള ജനങ്ങളുടെ അവസാന അത്താണിയായ നീതിന്യായവ്യവസ്ഥയുടെ വിശ്വാസ്യത സംരക്ഷിക്കാനും ആരോപണത്തിനു പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടെങ്കിൽ അത് തുറന്നു കാട്ടാനും ഈ അന്വേഷണത്തിലൂടെ കഴിയുമെന്ന് പ്രത്യാശിക്കാം.

യുവതിയുടേത് ഹീനമായ ബ്ലാക്ക്മെയിൽ തന്ത്രമാണെന്നായിരുന്നു, ആരോപണം ഉയർന്നവേളയിൽ അറ്റോർണി ജനറൽ കെ.കെ.വേണുഗോപാൽ അഭിപ്രായപ്പെട്ടത്. ചീഫ് ജസ്റ്റിസിനെതിരെ പീഡനാരോപണം ഉന്നയിച്ചയാൾക്ക് വേണ്ടി ഹാജരാകാനും വാർത്താസമ്മേളനം സംഘടിപ്പിക്കാനും ഒന്നരക്കോടി രൂപ തനിക്ക് വാഗ്ദാനം ചെയ്തുവെന്ന് അഭിഭാഷകനായ ഉത്സവ് സിംഗ് ബെയിൻസ് നടത്തിയ വെളിപ്പെടുത്തൽ വേണുഗോപാലിന്റെ വാദത്തെ സാധൂകരിക്കുന്നതുമാണ്. സുപ്രധാന കേസിൽ അനുകൂലവിധി സമ്പാദിക്കാൻ, കോർപറേറ്റ് രംഗത്തെ ഉന്നതൻ നടത്തിയ ശ്രമം പരാജയപ്പെട്ടപ്പോൾ, ചീഫ് ജസ്റ്റിസിനെ ആരോപണത്തിൽ കുടുക്കി രാജി സമ്മർദ്ദത്തിലാക്കാൻ ഗൂഢനീക്കം നടന്നതായി ബെയിൻസ് ഇന്നലെ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുണ്ട്. ഇത് പരിശോധിച്ച ജസ്റ്റിസ് അരുൺമിശ്ര അദ്ധ്യക്ഷനായ സുപ്രീംകോടതി ബെഞ്ച് അന്വേഷണം നടത്താതെ കോടതിക്ക് കണ്ണടച്ചിരിക്കാൻ കഴിയില്ലെന്നും ചീഫ് ജസ്റ്റിസിനെതിരായ ഗൂഢാലോചന അന്വേഷിക്കുമെന്നും വ്യക്തമാക്കുകയുണ്ടായി. കൂടുതൽ തെളിവുകൾ ഹാജരാക്കാൻ കോടതി ബെയിൻസിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മാത്രമല്ല സി.ബി.ഐ, ഐ.ബി എന്നീ ഏജൻസികളുടെ জোയിന്റ് ഡയറക്ടർമാരെയും ഡൽഹി പൊലീസ് കമ്മിഷണറേയും കോടതിയിലേക്ക് വിളിച്ചു വരുത്തുകയും ചെയ്തു. കേസിൽ ഇന്നും വാദം കേൾക്കും. ആരോപണത്തിനു പിന്നിൽ വൻശക്തികളുണ്ടെന്നും നിർണായക കേസുകൾ പരിഗണിക്കാനിരിക്കെയാണ് ആരോപണം ഉണ്ടായതെന്നും ജസ്റ്റിസ് ഗോഗോയ് തന്നെ വെളിപ്പെടുത്തിയിരുന്നു.

നീതിന്യായ വ്യവസ്ഥയുടെ തലപ്പത്തിരിക്കുന്ന ഒരാൾക്കുനേരെ പരാതിയുമായി കോടതിയിലെ ഒരു മുൻജീവനക്കാരി രംഗത്തു വരണമെങ്കിൽ അതിനു പിന്നിൽ ശക്തമായ ബുദ്ധികേന്ദ്രങ്ങളുണ്ടാകുമെന്ന് ന്യായമായും സംശയിക്കാം. എന്നാൽ എല്ലാവർക്കും തുല്യനീതിയെന്ന വിശ്വാസപ്രമാണം ഉയർത്തിപ്പിടിക്കുന്ന നീതിദേവതയ്ക്കു മുന്നിൽ ആരോപണങ്ങളിലെ തെറ്റുംശരിയും പുറത്തുവരികതന്നെ വേണം

കളങ്കരഹിതവും മാന്യവുമായ ഔദ്യോഗിക ജീവിതപശ്ചാത്തലമുള്ള ന്യായാധിപനായിട്ടാണ് ജസ്റ്റിസ് ഗോഗോയിയെ നീതിന്യായ സമൂഹം പൊതുവേ വിലയിരുത്തുന്നത്. പക്ഷപാതമില്ലാതെ നിർഭയം പദവിയിൽ തുടരുന്ന തന്നെ സാമ്പത്തിക കാര്യങ്ങളിൽ കുടുക്കാൻ കഴിയാത്തതിനാലാണ് സംശയത്തിന്റെ നിഴലിൽ നിറുത്താൻലൈംഗികാരോപണവുമായി മുന്നോട്ടു വന്നതെന്ന് ജസ്റ്റിസ് ഗോഗോയ് തുറന്നു പറഞ്ഞിരുന്നു. ഇരുപതു വർഷമായി ന്യായാധിപസ്ഥാനത്ത് തുടരുന്ന തന്റെ ബാങ്ക് ബാലൻസ് 6.8 ലക്ഷം രൂപ മാത്രമാണെന്നും സത്പേര് മാത്രമാണ് തന്റെ മൂലധനമെന്നും വികാരഭരിതനായിട്ടാണ് ചീഫ് ജസ്റ്റിസ് പ്രതികരിച്ചത്.

രാജ്യത്തെത്തന്നെ ഞെട്ടിച്ച ലൈംഗികാരോപണം ഉന്നയിച്ച യുവതി സുപ്രീംകോടതിയിലെ 22 ജഡ്ജിമാർക്കാണ് പരാതി അയച്ചത്. ചില ഓൺലൈൻ മാദ്ധ്യമങ്ങൾ ഈ വിവരം പുറത്തുവിട്ടപ്പോൾ കോടതി ജസ്റ്റിസ് ഗോഗോയിയുടെ നേതൃത്വത്തിൽ അത്യപൂർവ സിറ്റിംഗ് നടത്തുകയും, നീതിപീഠത്തെ അസ്ഥിരപ്പെടുത്താനും കളങ്കപ്പെടുത്താനുമുള്ള ശ്രമമാണ് ആരോപണത്തിനു പിന്നിലെന്ന് നിരീക്ഷിക്കുകയും ചെയ്തിരുന്നു. അതേസമയം ഈ വിഷയം പരിഗണിച്ച ബെഞ്ചിൽ ജസ്റ്റിസ് ഗോഗോയ് അംഗമായിരുന്നത് ഇതിനോടകം ചില വിമർശനങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്.

ഗുരുതരമായ ആരോപണങ്ങളാണ് ചീഫ് ജസ്റ്റിസിനെതിരെ യുവതി നൽകിയ പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്. പ്രലോഭനപരമായി ചീഫ് ജസ്റ്റിസ് പെരുമാറിയെന്നും വഴങ്ങിക്കൊടുക്കാതിരുന്നപ്പോൾ പ്രതികാര നടപടികൾക്ക് മുതിർന്നുവെന്നും ,അതിന് തന്റേതായ ഉദാഹരണങ്ങളുണ്ടെന്നും പരാതിയിൽ പറയുന്നുണ്ട്. വസ്തുനിഷ്ഠമാണെന്ന് തോന്നിപ്പിക്കും വിധം പരാതികൾ ഒന്നൊന്നായി അക്കമിട്ടാണ് നിരത്തിയിട്ടുള്ളത്. രാജ്യത്തെ നീതിന്യായ വ്യവസ്ഥയുടെ തലപ്പത്തിരിക്കുന്ന ഒരാൾക്കുനേരെ ഈ വിധത്തിലൊരു പരാതിയുമായി കോടതിയിലെ ഒരു മുൻജീവനക്കാരി രംഗത്തു വരണമെങ്കിൽ അതിനു പിന്നിൽ ശക്തമായ ബുദ്ധികേന്ദ്രങ്ങളുണ്ടാകുമെന്ന് ന്യായമായും സംശയിക്കാവുന്നതാണ്. എന്നാൽ എല്ലാവർക്കും തുല്യനീതിയെന്ന വിശ്വാസപ്രമാണം ഉയർത്തിപിടിക്കുന്ന നീതിദേവതയ്ക്ക് മുന്നിൽ ആരോപണങ്ങളിലെ തെറ്റുംശരിയും പുറത്തുവരികതന്നെ വേണം.

ലോകത്തെ നീതിന്യായവ്യവസ്ഥ പരിശോധിച്ചാൽ കുറ്റമറ്റതും ഉയർന്ന നീതിബോധം കാത്തുസൂക്ഷിക്കുന്നതുമാണ് ഇന്ത്യൻ നീതിന്യായ വ്യവസ്ഥിതി.ആ വ്യവസ്ഥയ്ക്കെതിരെ സത്യവിരുദ്ധമായ ആരോപണങ്ങൾ കെട്ടിച്ചമച്ച് കളങ്കം സൃഷ്ടിക്കാൻ ആരെങ്കിലും ബോധപൂർവം ശ്രമിച്ചിട്ടുണ്ടെങ്കിൽ അവർ കടുത്തശിക്ഷ അർഹിക്കുന്നുവെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ല .അത്യന്തം നിർഭാഗ്യകരമാണ് ഈ സാഹചര്യം. ഏത് കാര്യത്തിനും രണ്ടഭിപ്രായമുണ്ടാകുമെന്നതിനാൽ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള വാദമുഖങ്ങൾ പരസ്യമായി ഉന്നയിക്കപ്പെടുന്നുണ്ട്. എന്തായാലും ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള അന്വേഷണങ്ങളിലൂടെ യഥാർത്ഥ ചിത്രം തെളിയുമെന്നും ,സത്യം പുറത്തുവരുമ്പോൾ ആരോപണത്തിന്റെ പുകമറ മായുമെന്നും വിശ്വസിക്കാനാണ് രാജ്യത്തെ നീതിന്യായ വ്യവസ്ഥിതിയിൽ വിശ്വാസമർപ്പിച്ചിട്ടുള്ള നിഷ്പക്ഷമതികൾ ആഗ്രഹിക്കുന്നത്. രാജ്യത്തെ നിയമം അതിന്റെ വഴിതേടുകയും, മാതൃക കാട്ടുകയും ചെയ്യുമെന്ന് പ്രതീക്ഷയോടെ കാത്തിരിക്കാം.

പാപ്പരത്ത നിയമവും പരിണിത ഫലങ്ങളും

ബിജോയ് പി. പുലിപ്ര

2016 ലെ ഇൻസോൾവെൻസി ആൻഡ് ബാങ്ക്റപ്റ്റ്സി (പാപ്പരത്ത) നിയമം നിലവിൽ വന്നതു മുതൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ പിടിച്ചുലയ്ക്കാൻ പ്രാപ്തിയുണ്ടായിരുന്ന കിട്ടാകടങ്ങൾക്കു വലിയൊരളവു വരെ പരിഹാരം കാണാൻ ഗവൺമെന്റിനും റിസർവ് ബാങ്കിനും കഴിഞ്ഞിട്ടുണ്ട്.

140000 കോടിയിലധികമുണ്ടായിരുന്ന നിഷ്ക്രിയ ആസ്തികളിൽ ഗണ്യമായ കുറവുണ്ടാക്കാൻ നിയമത്തിന് കഴിഞ്ഞു. കോർപറേറ്റ് സ്ഥാപനങ്ങളിൽ സാമ്പത്തിക അച്ചടക്കമുണ്ടാക്കാനും വായ്പാദായകരുടെയും സാധന സേവന ദാതാക്കളുടെയും അവകാശങ്ങൾ സംരക്ഷിക്കാനും വലിയൊരളവു വരെ കഴിഞ്ഞിട്ടുണ്ട്.

എന്താണ് പാപ്പരത്ത നിയമം ?

ഏതൊരു സ്ഥാപനത്തിന്റെയും അടിത്തറ എന്നത് സ്ഥാപകരുടെ മൂലധന നിക്ഷേപവും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സ്വരൂപിക്കപ്പെടുന്ന പണവുമാണ്. സ്ഥാപനത്തിന്റെ പൂർണമായ ഉടമസ്ഥാവകാശം ഉടമസ്ഥരിൽ നിക്ഷിപ്തമാകണമെങ്കിൽ ധനകാര്യസ്ഥാപനങ്ങളുടെ പണം കൃത്യമായി തിരിച്ചടയ്ക്കപ്പെടേണ്ടതുണ്ട്. എന്നാൽ ധനകാര്യ സ്ഥാപനങ്ങൾക്ക് അവർ കടം നൽകിയിട്ടുള്ള സ്ഥാപനങ്ങളിന്മേൽ പരിമിതമായ നിയന്ത്രണങ്ങളെ ഉണ്ടായിരുന്നുള്ളൂ. കടം നൽകിയ പണത്തിന്റെ പൂർണ വിനിയോഗ ചുമതല സ്ഥാപന ഉടമകളിൽ നിക്ഷിപ്തമായതിനാൽ പണത്തിന്റെ കൃത്യതയില്ലാത്ത തിരിച്ചടവുകൾ ധനകാര്യ സ്ഥാപനത്തിന്റെ നിഷ്ക്രിയ ആസ്തി വർദ്ധിപ്പിക്കുന്നു. ഇങ്ങനെ സ്ഥാപനത്തിന്റെ നിലനിൽപ് അപകടത്തിലാകുന്നു.

2016 ലെ ഇൻസോൾവെൻസി ആൻഡ് ബാങ്ക്റപ്റ്റ്സി (പാപ്പരത്ത) നിയമം നിലവിൽ വരുന്നതു വരെ കമ്പനികൾക്കും ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ് (എൽ.എൽ.പി) കൾക്കും സാമ്പത്തിക സഹായം നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾക്ക് തിരിച്ചടവിന്റെ തവണകളിൽ മുടക്കം വരുമ്പോഴും നിഷ്ക്രിയരായിരിക്കാനേ കഴിഞ്ഞുള്ളൂ. ഓഹരിയുടമകൾ സ്ഥാപനങ്ങളുടെ ചുമതലകളിൽ തുടരുകയും അവയുടെ പതനത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നു. പണത്തിന്റെ തിരിച്ചടവ് മുടങ്ങുന്നതിലൂടെ സ്ഥാപനത്തിന്റെ വരുമാനം കുറയുകയും വിപണിമൂല്യം കുത്തനെ കുറയുകയും ചെയ്യുന്നു. മൂല്യത്തകർച്ച ധനകാര്യ സ്ഥാപനത്തിന് ഈടുനൽകിയിട്ടുള്ള ആസ്തികളുടെ മൂല്യത്തിൽ കുറവു വരുത്തും. അത് വീഴ്ചവന്ന കടബാദ്ധ്യത വീട്ടാൻ പര്യാപ്തമല്ലാതാവും. അങ്ങനെയാകുമ്പോൾ ആസ്തികുറഞ്ഞ സ്ഥാപനങ്ങൾക്കും തുടക്കക്കാർക്കും ധനസഹായം നൽകുന്നതിൽ നിന്നും ധനകാര്യസ്ഥാപനങ്ങൾ പിന്തിരിയും. സഹായം വൻകിട വ്യവസായങ്ങൾക്കും ആസ്തിയുള്ളവർക്കും മാത്രമായി ചുരുക്കാനും പ്രേരിപ്പിക്കും. ഇത് പുതിയ വ്യവസായം തുടങ്ങാനെത്തുന്നവരെ നിരുത്സാഹപ്പെടുത്താൻ സാദ്ധ്യതയേറെയാണ്. വായ്പ നൽകുന്ന സ്ഥാപനങ്ങളുടെ പരിമിതമായ അധികാരം, വീഴ്ചവരുത്തുന്ന സ്ഥാപനങ്ങളുടെ മുന്നോട്ടുള്ള പ്രവർത്തനത്തെ നിയന്ത്രിക്കാൻ പര്യാപ്തമല്ലാത്തതിനാൽ പണത്തിന്റെ ദുരുപയോഗവും മൂല്യശോഷണവും തടയാൻ ധനകാര്യ സ്ഥാപനങ്ങൾക്കാവുന്നില്ല.

പ്രശ്നങ്ങളും പരിഹാരവും

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ കമ്പനികൾക്കും ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പുകൾക്കും നൽകുന്ന വായ്പയെ സംബന്ധിച്ചായിരുന്നെങ്കിലും പ്രൊപ്രൈറ്റർഷിപ്, പാർട്ട്ണർഷിപ്, വ്യക്തികൾ എന്നിവർക്കും പുതിയ നിയമം ബാധകമാണ്. സ്ഥാപനം തിരിച്ചടവിൽ പിഴവ് വരുത്തുമ്പോൾ മുൻപുണ്ടായിരുന്ന ഏക പരിഹാരം പ്രവർത്തനം മരവിപ്പിച്ച് ആസ്തികൾ വിറ്റഴിച്ച് കടബാദ്ധ്യത തീർക്കുക എന്നതായിരുന്നു. എന്നാൽ സ്ഥാപനം നിറുത്തലാക്കുന്നത് ജീവനക്കാരെയും ഓഹരിയുടമകളെയും ഇടപാടുകാരെയും പ്രതികൂലമായി ബാധിക്കും. എല്ലാത്തിലുമുപരി മൂലധന നിക്ഷേപം ആത്യന്തികമായി തകരും.

പുതിയ ഇൻസോൾവെൻസി ആൻഡ് ബാങ്ക്റപ്റ്റ്സി (പാപ്പരത്ത) നിയമം നിയമപ്രകാരം കടബാദ്ധ്യതയുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ടു തന്നെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന രീതി വായ്പ നൽകിയവർക്ക് അവലംബിക്കാം. ഈ നിയമത്തിൽ വായ്പ നൽകിയവരെ, ധനകാര്യ വായ്പാദായകരെന്നും (ഫിനാൻഷ്യൽ ക്രെഡിറ്റർസ്) പ്രാവർത്തിക വായ്പാദായകരെന്നും (ഓപറേഷനൽ ക്രെഡിറ്റർസ്) തരംതിരിച്ചിരിക്കുന്നു. ബാങ്കുകൾ, ഇതര ധനകാര്യസ്ഥാപനങ്ങൾ, നിയമപരമായി പണം കടം നൽകിയിട്ടുള്ള വ്യക്തികളും സ്ഥാപനങ്ങളും, വീട്ടുകളോ ഫ്ലാറ്റുകളോ വാങ്ങുന്നതിന് പണം നൽകിയിട്ടുള്ളവർ ധനകാര്യ വായ്പാദായകരുടെ പരിധിയിലും സാധനങ്ങളുടെയും സേവനങ്ങളുടെയും (ഗൂഡ്സ് ആൻഡ് സർവീസ് പ്രൊവൈഡേഴ്സ്) പ്രാവർത്തിക വായ്പാദായകരുടെ പരിധിയിലും വരുന്നു.

ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കമ്പനിയോ ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പോ അവരുടെ ഒരു ലക്ഷത്തിന് മുകളിലുള്ള ധനകാര്യ സംബന്ധമായതോ പ്രാവർത്തിക സംബന്ധമായതോ ആയ വായ്പയിൽ വീഴ്ച വരുത്തുന്ന